## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 29.07.2015-ലെ യോഗ നടപടിക്കുറിപ്പ്

യോഗം വൈകുന്നേരം 3.15 ന് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭ മന്ദിരത്തിലെ 624-ാം നമ്പർ ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പു മന്ത്രിയും യോഗത്തിൽ സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.07.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1** 810 തദ്ദേശഭരണ സ്ഥാപനങ്ങൾ 211.12 കോടി രൂപ ചെലവഴിച്ചതായും ഇതിൽ 710 ഗ്രാമപഞ്ചായത്തുകൾ 419.16 കോടി രൂപയും 60 ബ്ലോക്ക് പഞ്ചായത്തുകൾ 18.52 കോടി രൂപയും 10 ജില്ലാ പഞ്ചായത്തുകൾ 18.41 കോടി രൂപയും 28 മുനിസിപ്പാലിറ്റികൾ 15.47 കോടി രൂപയും 2 കോർപ്പറേഷനുകൾ 9.52 കോടി രൂപയും ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

**2.2** 2015-16 പദ്ധതികൾ ഭേദഗതി ചെയ്യാൻ അനുവദിച്ചിട്ടുള്ളവയുടെ കൂട്ടത്തിൽ മാലിന്യ സംസ്ക്കരണ പ്രോജക്ടുകൾക്കുവേണ്ടി പദ്ധതി ഭേദഗതി ചെയ്യുന്നതിനും അനുവദിച്ചു തീരുമാനിച്ചു.

**2.3** 31.03.2015 വരെ സ്പിൽഓവർ പദ്ധതികളുടെ ബില്ല് ട്രഷറിയിൽ സമർപ്പിക്കുകയും പല കാരണങ്ങളാൽ പാസാകാതിരിക്കുകയും ചെയ്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അത്തരം പ്രവൃത്തികളുടെ പേയ്മെന്റ് നടത്തുന്നതിന് പുതിയ പദ്ധതികളായി ഭേദഗതി ചെയ്ത് തുക കണ്ടെത്തുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

**2.4** 17.07.2015-ലെ അപ്പലേറ്റ് കമ്മിറ്റിയോഗ തീരുമാനം അനുസരിച്ച് എസ്.സി. വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ഹാജരായി വിശദീകരണം നൽകുകയുണ്ടായി. സർക്കാർ ഉത്തരവ് ലഭിക്കാത്തതാണ് കാരണമെന്ന് ചൂണ്ടിക്കാണിച്ചപ്പോൾ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം നെറ്റിൽ പ്രസിദ്ധപ്പെടുത്തിയാൽ അതനുസരിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ഉത്തരവ് കിട്ടുന്നതുവരെ കാത്തിരിക്കേണ്ടതില്ലെന്നും നിർദ്ദേശം നൽകി തീരുമാനിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 നെല്ലനാട് ഗ്രാമപഞ്ചായത്ത് (ഫയൽനം.61515/ഡി.ബി.1/14/തസ്വഭവ)

പട്ടികജാതി–ജനറൽ വിഭാഗങ്ങളിൽപ്പെട്ട 32 ഭൂരഹിത ഭവന രഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയം നിർമ്മിക്കുന്നതിന് FACTയുടെ ഫൈബർ ഗ്ലാസ് റീ ഇൻഫോർസ്മെന്റ് ജിപ്സം പാനൽ സാങ്കേതിക വിദ്യ പ്രകാരം തയ്യാറാക്കിയ 17495360 രൂപയുടെ എസ്റ്റിമേറ്റ് അനുവദിക്കണമെന്നുള്ള ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു. നിർമ്മാണത്തിന്റെ durability കുറഞ്ഞത് 20 വർഷമെങ്കിലും നിലനിൽക്കുന്നതാണെന്നും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുക യില്ലെന്നും ഉള്ള ഉറപ്പ് FACTയിൽ നിന്നും നേടിക്കൊണ്ടു മാത്രമേ സമുച്ചയ നിർമ്മാണം ഏറ്റെടുക്കാവൂ എന്നും നിർദ്ദേശിച്ചു. ഇതിനായി വായ്പ എടുക്കുന്നത് സർക്കാർ നിർദ്ദേശങ്ങൾക്കു വിധേയമായിട്ടായിരിക്കണമെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 തരിക്കോട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 331/ഡി.എ2/15/തസ്വഭവ)

2013–14 സാമ്പത്തിക വർഷത്തെ സ്പിൽഓവർ പദ്ധതികളുടെ ബില്ലുകൾ മാറുന്നതിന് വികസനഫണ്ട് ഉപയോഗിക്കാൻ അനുവദിക്കണമെന്നും അതിനുള്ള കാലാവധി 31.12.2015 വരെ ദീർഘിപ്പിച്ചു നൽകണമെന്നും ആവശ്യപ്പെട്ടത് പരിഗണിച്ചപ്പോൾ ഇതു സംബന്ധമായി പൊതു തീരുമാനം കൈക്കൊണ്ടതായി യോഗം നിരീക്ഷിച്ചു. 31.03.2015–ൽ വർക്ക് തീർത്ത് ബില്ല് സമർപ്പിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയിൽ ഭേദഗതി വരുത്തി തുക കണ്ടെത്തുന്നതിന് നിർദ്ദേശം നൽകി തീരുമാനിച്ചു (പൊതു തീരുമാനം 2.3 ബാധകം)

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 ഫിഷറീസ് ഡയറക്ടറുടെ കത്ത് (ഫയൽ നം.92/ഡി.എ1/15)

മത്സ്യ ബന്ധന മേഖലയിലെ സബ്സിഡി സംബന്ധിച്ച് സമർപ്പിച്ച നിർദ്ദേശങ്ങൾ മാർഗരേഖ പരിഷ്ക്കരിക്കുന്ന അവസരത്തിൽ പരിഗണിക്കാൻ 'കില'യോട് നിർദ്ദേശിച്ച് 08.07.2015–ൽ തീരുമാനമെടുത്തിട്ടുള്ളതായി യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 222/ഐ.എ.1/15/തസ്വഭവ)**

വെങ്ങാനൂർ ബഡ്സ് സ്ക്കൂളിലെ കുട്ടികൾക്ക് 362560 രൂപ വകയിരുത്തി തൊഴിൽ പരിശീലന ഉപകരണങ്ങളും അസംസ്കൃത വസ്തുക്കളും സിഡ്കോയിൽ നിന്നു വാങ്ങി നൽകാനുള്ള പ്രോജക്ടിന് ഗ്രാമപഞ്ചായത്തുമായി ചേർന്ന് സംയുക്തപദ്ധതിയായി നടപ്പിലാക്കണമെന്നും പ്രൊക്യുർമെന്റ് മാന്വൽ പ്രകാരം മാത്രമേ വാങ്ങൽ നടത്താവൂ എന്നുമുള്ള വ്യവസ്ഥകൾക്കു വിധേയമായി അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 നെന്മണിക്കര ഗ്രാമപ ഞ്ചായത്ത് (ഫയൽ നം368/ ഡി.എ2/15)**

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ 1 മുതൽ 5 വയസ്സുവരെ പ്രായമുള്ള പെൺകുട്ടികൾക്കായി തനത്ഫണ്ട് ഉപോഗിച്ച് ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രോജക്ടിലെ “ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള” എന്ന വ്യവസ്ഥ ” വാർഷിക വരുമാന പരിധി 50000 രൂപയ്ക്കു താഴെയുള്ളവർ” എന്നു സ്പഷ്ടീകരിച്ചു നൽകണമെന്ന ആവശ്യം പരിഗണിച്ചതിൽ മാർഗരേഖപ്രകാരം പ്രസ്തുത വ്യവസ്ഥയുള്ളതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്**

2014–15 വാർഷിക പദ്ധതിയിലെ 3 ലക്ഷം രൂപ അടങ്കലുള്ളതും 6000 രൂപ യൂണിറ്റ് കോസ്റ്റ് വരുന്നതുമായ കിണർ റീ ചാർജിംഗ് (ജനറൽ) എന്ന പ്രോജക്ടിന് സാധൂകരണം നൽകണമെന്ന ആവശ്യം ഗുണഭോക്തൃ വിഹിതം 50% എങ്കിലും ആയിരിക്കണമെന്ന വ്യവസ്ഥയിൽ സാധൂകരണം നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്**

ഇ.എം.എസ്. ഭവന പദ്ധതിയിൽ ഉൾപ്പെട്ട 86 ഗുണഭോക്താക്കൾക്ക് നിലവിലെ വർദ്ധിച്ച നിരക്കിലെ 2 ലക്ഷം രൂപ ക്രമത്തിൽ ധനസഹായമായി 2046000 രൂപ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടതിന്മേൽ ഇനിയും വാങ്ങിയിട്ടില്ലാത്ത ഗഡുക്കൾ ആനുപാതികമായി വർദ്ധിച്ച നിരക്കിൽ നൽകാൻ നിർദ്ദേശമുള്ളതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 8 കോലഴി ഗ്രാമപഞ്ചായത്ത്**

തൃശൂർ–ഒറ്റപ്പാലം സ്റ്റേറ്റ് ഹൈവേയിൽ കോലഴി, തിരൂർ ഭാഗങ്ങളിൽ സിഗ്നൽ സിസ്റ്റം സ്ഥാപിക്കുന്നതിനും ഹോംഗാർഡിനെ വയ്ക്കുന്നതിനും ബന്ധപ്പെട്ട വകുപ്പിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക നൽകുന്നതിന് അനുവദിക്കേണ്ട തില്ലെന്ന് തീരുമാനിച്ചു. റോഡ് വൃത്തിയായി സൂക്ഷിക്കുന്നത് ഗ്രാമപഞ്ചായ ത്തിന്റെ അനിവാര്യ ചുമതലയായതിനാൽ അതിനുള്ള ചെലവ് തനത് ഫണ്ടിൽ നിന്നും വഹിക്കുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 9 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് കണ്ണംകുളം തോടിന് കുറുകെ പാലം നിർമ്മിക്കുന്നത് പ്രത്യേകകേസായി അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പിറവം ഗ്രാമപഞ്ചായത്ത്**

അംഗനവാടി കെട്ടിട നിർമ്മാണത്തിന് FRBL സമർപ്പിച്ചിട്ടുള്ള ഡിസൈനും എസ്റ്റിമേറ്റും അംഗീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുകയും കുറഞ്ഞത് 20 വർഷത്തെ ഡ്യൂറബിളിറ്റി ഉണ്ടായിരിക്കുകയും കുട്ടികൾക്ക് ആരോഗ്യ സുരക്ഷ ഉറപ്പാണെന്നുമുള്ള സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയശേഷം നടപ്പാക്കണമെന്ന് നിർദ്ദേശിച്ച് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 11 വയനാട് ജില്ലാപഞ്ചായത്ത്**

Integrtated sustainable Development of Schedule Tribe Operation പദ്ധതിയിൽ നടപ്പാക്കുന്ന ടോയ്‌ലറ്റ് നിർമ്മാണം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരേണ്ട വിഷയമല്ലെന്നും എന്നാൽ എസ്.റ്റി. ഡിപ്പാർട്ട്മെന്റ് ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 12 തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്**

നബാർഡ് RIDF, പദ്ധതികളും സേവിംഗ്സിൽ നിന്ന് പുതിയ പദ്ധതികളും രൂപീകരിക്കുന്നതിന് നിലവിൽ തീരുമാനമുള്ളതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 13 ഇൻഫർമേഷൻ കേരള മിഷൻ**

സഹായ സോഫ്ട് വെയർ സംസ്ഥാന സ്ക്കൂളുകൾ വഴി നടപ്പാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുകയും ആവശ്യമുള്ള സ്ക്കൂളുകൾക്ക് ഐ.കെ.എം സോഫ്ട് വെയർ ഉപയോഗിക്കുന്നതിനും അനുമതി നൽകി. മറ്റ് സ്വകാര്യ സോഫ്ട് വെയർ ഉപയോഗിക്കാൻ പാടില്ലെന്നും നിർദ്ദേശം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 14 കോഴിക്കോട് കോർപ്പറേഷൻ**

സംസ്ഥാന സർക്കാർ ഡി.എസ്.ആർ നടപ്പാക്കിയത് ഒറ്റ പാക്കേജായിട്ടാണ്. പ്രത്യേക ഇനത്തിന് നിലവിലുള്ളതുമായി താരതമ്യപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ പരിഹരിച്ചു നൽകുന്നത് പ്രായോഗികമല്ലെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 15 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്**

ഓപ്പൺ ടെണ്ടർ വഴിയോ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ വഴിയോ മരുന്നുവാങ്ങുന്നതിന് നിലവിലുള്ള നിർവഹണ ഉദ്യോഗസ്ഥനെ ചുമതപ്പെടുത്തു കയും. മരുന്നുകൾ സൊസൈറ്റിക്ക് നൽകുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 16 കോട്ടയം ജില്ലാ കളക്ടറുടെ കത്ത്**

മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി പ്രോജക്ടുകൾ ഭേദഗതികൾ ചെയ്യുന്നതിന് അനുവാദം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 17 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

എച്ച്.ഐ.വൈ. ബാധിതർക്ക് പോഷകാഹാര കിറ്റ് നൽകുന്നതിന് നിലവിലുള്ള 250 രൂപ പ്രതിമാസം 1250 രൂപയായി ഉയർത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം വൈകുന്നേരം 4.30ന് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 05.08.2015-ന് രാവിലെ 8 മണിക്ക് ബഹു മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.**